(സി) ഈ പദ്ധതിയുടെ ഭാഗമായി ഇരുപതിനായിരത്തോളം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഒരു ലക്ഷം ആളുകൾക്ക് പരിശീലനവും നൽകിയിട്ടുണ്ട്.

(ഡി) നാളിതുവരെ 24,36,543 മഴക്കുഴികൾ നിർമ്മിച്ചിട്ടുണ്ട്.

കേരള-തമിഴ്നാട് സംയുക്ത ടൂറിസം വികസന പദ്ധതി

*7 [187] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന് കേരളവും തമിഴ്നാടും സംയുക്തമായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഇതുമൂലം ടൂറിസം മേഖലയ്ക്കുണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഇല്ല.

(ബി ആന്റ് സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

വനപ്രദേശങ്ങളിലെ ടൂറിസം വികസനം

*8 [188] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ:
" മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളിൽ ടൂറിസ്റ്റുകളുടെ വർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സാദ്ധ്യത പ്രയോജനപ്പെടുത്തി വനപ്രദേശങ്ങളിലെ സംരക്ഷണ കേന്ദ്രങ്ങളും ദേശീയ പാർക്കുകളും ഒഴിവാക്കി പ്രസ്തുത മേഖലയിൽ ടൂറിസം വികസനത്തിനുള്ള സാദ്ധ്യത പരിഗണിക്കുമോ;

(സി) വനംവകുപ്പിന്റെ ഇക്കോ ടൂറിസം പദ്ധതിയുമായി വിനോദസഞ്ചാര വകുപ്പ് സഹകരിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly